**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

നമ്പർ : SR I –1/50017/2018–KPSC(2)

തിരുവനന്തപുരം,

തീയതി : 08.02.2021

**തിരുത്തൽ വിജ്ഞാപനം**

25.08.2020 ലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 073/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് വകുപ്പിലെ വനിതാ പോലീസ് കോൺസ്റ്റബിൾ (വനിതാ പോലീസ് ബറ്റാലിയൻ) (പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം) തസ്തികയിലേക്കുള്ള വിജ്ഞാപനത്തിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

I. ഇംഗ്ലീഷ് വിജ്ഞാപനത്തിലെ തെറ്റുകളും വരുത്തേണ്ട തിരുത്തലുകളും.

- ഖണ്ഡിക 4–ൽ "The Recruitment ....." എന്നു തുടങ്ങുന്ന paragraph "Note :–(1) ആയിട്ടാണ് നൽകിയിട്ടുള്ളത്. ആയതിൽ "Note :–(10)" എന്നത് ഒഴിവാക്കേണ്ടതാണ്.
- ആയതിനു ശേഷം ഖണ്ഡിക 4–ലെ തന്നെ (ii) എന്നു രേഖപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കി, പകരം "Note :–(i)" എന്ന് ചേർക്കേണ്ടതാണ്.
- ഖണ്ഡിക 7–ൽ Education Qualification – ൽ (i) എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കേണ്ടതാണ്. ആയതിൽ തന്നെ (ii) എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കുകയും പകരം "Note" എന്ന് ചേർക്കേണ്ടതുമാണ്.
- Physical Qualification – ൽ നൽകിയിട്ടുള്ള പട്ടികയിൽ Coloumn 1 – ൽ തലക്കെട്ടിനൊപ്പം നൽകിയിട്ടുള്ള (a) എന്ന രേഖപ്പെടുത്തൽ ഒഴിവാക്കേണ്ടതാണ്. ശേഷം (b) എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് (a) എന്നു തിരുത്തേണ്ടതാണ്. പിന്നീട് "(b) Near vision 0.5 Snellen 0.05 Snellen" എന്നും ചേർക്കേണ്ടതാണ്.
- ഖണ്ഡിക 8–ൽ "Institutions" എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് "Institution" എന്ന് തിരുത്തേണ്ടതാണ്.

II. മലയാളം വിജ്ഞാപനത്തിലെ തെറ്റുകളും വരുത്തേണ്ട തിരുത്തലുകളും.

- ഖണ്ഡിക 2 –ൽ ഉദ്യോഗപ്പേര് "വനിതാ പോലീസ് കോൺസ്റ്റബിൾ (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് ആയത് "വനിതാ പോലീസ് കോൺസ്റ്റബിൾ (വനിതാ പോലീസ് ബറ്റാലിയൻ) (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)" എന്ന് തിരുത്തേണ്ടതാണ്.
- ഖണ്ഡിക 7 –ൽ, 2) ശാരീരിക യോഗ്യതയ്ക്കു ശേഷം ക്രമ നമ്പർ (3) ആയി ചേർത്തിട്ടുള്ള "താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 3 (മൂന്ന്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് "താഴെപ്പറയുന്ന 8(എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5(അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം" എന്ന് തിരുത്തേണ്ടതാണ്.
- "Form of Medical Certificate" – ൽ "She" എന്നു രേഖപ്പെടുത്തേണ്ടയിടത്ത് "he" എന്നും "Her" എന്നു രേഖപ്പെടുത്തേണ്ടയിടത്ത് "Him" എന്നും രേഖപ്പെടുത്തിയിട്ടുള്ളതും തിരുത്തേണ്ടതാണ്.
- ഖണ്ഡിക 7 –ലെ "സ്റ്റെപ്പന്റ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് "സ്റ്റൈപെൻഡ്" എന്ന് തിരുത്തേണ്ടതാണ്.

ഒപ്പ്

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/